**അവതാരിക**

കെ.ജി. പൗലോസ്

---

**I**

1968-ൽ പട്ടാമ്പി കോളേജിൽ ഞാനദ്ധ്യാപകനായി ചേരുമ്പോൾ മലയാളവിഭാഗത്തിന്റെ അദ്ധ്യക്ഷൻ ചെറുകാട് മാസ്റ്ററായിരുന്നു. പുന്നശ്ശേരി നമ്പി സ്ഥാപിച്ച കോളേജ് നമ്പിയുടെ കാലശേഷം അനേകം പ്രതിസന്ധികളെ നേരിട്ടുകൊണ്ടിരുന്ന കാലമായിരുന്നു അത്. 1957-ൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് സ്ഥാപനമേറ്റെടുക്കുകയും പിന്നീട് സർക്കാരിൽ ലയിപ്പിക്കുകയും ചെയ്തതോടെ പുന്നശ്ശേരിക്കലാലയത്തിനൊരു പുതുജീവൻ കൈവന്നു. യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്ത് പുതിയ കോഴ്സുകൾ ആരംഭിച്ച് ഒന്നാം ഗ്രേഡ് കോളേജായി മാറുന്ന പരിവർത്തനഘട്ടമായിരുന്നു അത്. ഇത്തരം വികസനങ്ങൾക്ക് പെരുമുടിയൂരിൽ ഇടമില്ലാതിരുന്നതുകൊണ്ട് കോളേജ് അവിടെ നിന്ന് ടൗണിലെ മങ്കടക്കോവിലകത്തേയ്ക്കും തുടർന്ന് ഇപ്പോഴിരിക്കുന്ന സ്ഥലത്തേയ്ക്കും മാറ്റിയ കാലം. നാട്ടുകാരെ സംഘടിപ്പിച്ച് ഈ പരിവർത്തനത്തിന് നേതൃത്വം നല്കിയവരിൽ പ്രധാനി ചെറുകാട് ആയിരുന്നു. നവോത്ഥാനത്തിന്റെ പ്രതീകമായി പട്ടാമ്പി കോളേജ് തല ഉയർത്തി നില്ക്കുന്നതിൽ വലിയൊരു പങ്ക് ചെറുകാടിനുള്ളതാണ്.

അക്കാലത്ത് കോളേജിൽ ധാരാളം സാഹിത്യനായകന്മാർ വരാറുണ്ടായിരുന്നു. അവർ ആദ്യം അന്വേഷിക്കുക ചെറുകാടിനെയായിരുന്നു; 'ചെറുകാടിന്റെ കോളേജ്' എന്നാണ് അവരൊക്കെ വിളിച്ചിരുന്നതും. തറവാട്ട് കാരണവരേപ്പോലെ അദ്ദേഹമങ്ങനെ കോളേജ് ഭരിച്ചുനടന്നു. വിരിഞ്ഞ നെഞ്ചും കുറ്റിമുടിയും തോളിലെ ചുവപ്പ് സഞ്ചിയും വല്ലാത്തൊരുതരം അധൃഷ്യത അദ്ദേഹത്തിന് നല്കിയിരുന്നു. അപ്പോഴാണ് ഒരത്യാഹിതം പോലെ, ചെറുകാടിന്റെ മുകളിൽ ഒരു മലയാളം പ്രൊഫസറെ സർക്കാർ പ്രതിഷ്ഠിച്ചത്. ചെറുകാടും പ്രൊഫസറായിരുന്നെങ്കിലും പഴയ വിദ്വാനായിരുന്നു. പുതിയ ആളാണെങ്കിൽ പാന്റും ഷർട്ടുമൊക്കെയിട്ട സുന്ദരൻ. കവിതപോലും ഇംഗ്ലീഷിൽ പഠിപ്പിക്കുന്നവൻ. 'കുമാരൻ ആശാൻസ് ഫാളൻ ഫ്ളവർ' എന്നൊക്കെയാണ് വീണപൂവിനെ വിശേഷിപ്പിക്കുക. സർക്കാർ തന്നോട് വിവേചനം കാണിച്ചതായി ചെറുകാട് മാസ്റ്റർക്ക് തോന്നി. എട്ടാം തരത്തിൽ വെച്ച് ഹെഡ്മാസ്റ്റർ ശേഖരപ്പിഷാരോടിമാസ്റ്റർക്കെതിരെ പ്രതിഷേധിച്ച ചെറുകാടിലെ ധിക്കാരി ഉണർന്നെണീറ്റു. വിചിത്രമായ രീതിയിലായിരുന്നു ഇത്തവണ പ്രതിഷേധം.

എം.എ. കോഴ്സുകൾ ഉദ്ഘാടനം ചെയ്യാനെത്തിയത് മുഖ്യമന്ത്രി ഇ.എം.എസ്. ആയിരുന്നു. അദ്ധ്യാപകരും വിദ്യാർഥികളും വിശിഷ്ടാതിഥിയെ സ്വീകരിക്കാൻ പോർട്ടിക്കോവിൽ നിരന്ന് നില്ക്കുന്നു. അപ്പോഴാണ് ചെറുകാടിന്റെ വരവ്. കറുത്ത ഒരു പാന്റും വെളുത്ത ഷർട്ടും. കഞ്ഞിമുക്കി അലക്കി സഞ്ചിയിൽ പൊതിഞ്ഞുകൊണ്ടുവന്നതിന്റെ ചുളിവുകൾ മുഴുവൻ അതിലുണ്ട്. ഇത്തരം വേഷവിധാനത്തിലുള്ള പരിചയക്കേടുകൊണ്ട് വാരിവലിച്ചാണ് ധരിച്ചിരിക്കുന്നത്. മുടിപോലെ വേഷവും പപ്രച്ഛപ്പരുവം. തോളിലെ ചുവപ്പ് സഞ്ചിക്കുമാത്രം മാറ്റമില്ല. കാറിൽ നിന്നിറങ്ങിയ മുഖ്യമന്ത്രി ആദ്യം അന്വേഷിച്ചത് ചെറുകാടിനെയാണ്. വേഷം കണ്ട് അദ്ദേഹമമ്പരന്നു. 'എന്താ ചെറുകാടേ ഇത്?' 'അല്ല, ഇനി ഇതിന്റെ കുറവുകൊണ്ടാണ് പ്രൊഫസർ ആക്കാത്തതെങ്കിൽ അതും കൂടി ആകട്ടെ എന്നു കരുതി'. ചെറുകാട് കോമാളിവേഷം കെട്ടിയതല്ല; കടുത്ത അമർഷം പ്രകടിപ്പിക്കാൻ തന്റേതായൊരു മാർഗ്ഗം സ്വീകരിച്ചതായിരുന്നു. എട്ടാം തരത്തിൽ അംശം അധികാരിയുടെ മകളോട് പക്ഷപാതം കാണിച്ചതിൽ പ്രതിഷേധിച്ച് ക്ലാസ്സിൽ നിന്ന് ഇറങ്ങിപ്പോയിട്ടുണ്ട്. ഇറങ്ങിപ്പോകാം. പക്ഷേ, ഇവിടെ അതു പറ്റില്ല. ശേഖരപ്പിഷാരടി മാസ്റ്ററല്ല, ഇ.എം.എസ്സാണ് മുൻപിൽ; തന്റെ സുഹൃത്തും വഴികാട്ടിയും.

ചെറുകാട് മാസ്റ്ററുടെ വിശ്വരൂപം ഞങ്ങൾ കണ്ടത് മറ്റൊരു സന്ദർഭത്തിലായിരുന്നു. രണ്ടു വിഭാഗം വിദ്യാർഥികൾ തമ്മിൽ നടുത്തളത്തിൽ വാക്കേറ്റം. പെട്ടെന്നത് കയ്യാങ്കളിയിലേക്ക് നീങ്ങി. അദ്ധ്യാപകരും വിദ്യാർഥികളും മേലേ നിലകളിൽ നിന്ന് ഈ കാഴ്ചകാണുന്നു. ആരുമനങ്ങുന്നില്ല. പ്രിൻസിപ്പൽ പോലീസിനെ വിളിക്കാൻ ആലോചിക്കുന്നു. കെട്ടിടം പണി കഴിഞ്ഞ് ചുറ്റും

കിടന്നിരുന്ന ആണിനിറഞ്ഞ കഴുക്കോലുകൾ കയ്യിലെടുത്ത് പരസ്പരം അടിക്കുന്ന കുട്ടികൾ. ചോരയൊലിച്ച് പലരും വീണു. അപ്പോഴാണ് പൊരുതുന്ന കാളക്കൂറ്റന്മാരുടെ നടുവിലേയ്ക്ക് ഒരലർച്ചയോടെ ചെറുകാട് മാസ്റ്റർ ഒരു ചാട്ടം. ദേഷ്യപ്പെട്ട് അവരെ പിടിച്ചുമാറ്റി. അടിയൊന്നും മാസ്റ്ററുടെ ദേഹത്ത് വീണില്ല. കുട്ടികളും അപ്രതീക്ഷിതമായ ഇടപെടലിൽ അമ്പരന്ന് പോയിരുന്നു. ചെറുകാട് മാസ്റ്റർ ഇല്ലായിരുന്നെങ്കിൽ അന്നവിടെ ചോരപ്പുഴ ഒഴുകുമായിരുന്നു. അതാണ് ചെറുകാട് മാസ്റ്റർ! മറ്റുള്ളവർ കാഴ്ചക്കാരായി നില്ക്കും; അധികാരികൾ പോലീസിന്റെ സഹായം തേടും. അതൊന്നുമല്ല മാസ്റ്ററുടെ വഴി-തനിക്കുചെയ്യാവുന്നത് ചെയ്യും! ചങ്കൂറ്റത്തോടെ ചാടിവീഴും. മുൻപും പിൻപും നോക്കി ഒഴിഞ്ഞുമാറുകയില്ല. ജീവിതപ്പാതയിലെ പാഥേയമായി ചുവന്ന സഞ്ചിയിലും നെഞ്ചിനകത്തും മാസ്റ്റർ കൊണ്ടുനടന്നത് ഈ തന്റേടമാണ്. ഈ വന്യസൗന്ദര്യമാണ് മാസ്റ്ററുടെ പരുക്കൻപ്രകൃതത്തിന് ചാരുതയേറ്റുന്നത്.

## II

അമ്പലവാസിയായി കുലത്തൊഴിൽ ചെയ്ത് കുഞ്ഞമ്മാമന്റെ ഓമനയായി ഷാരത്ത് ഒതുങ്ങിക്കഴിയേണ്ടിയിരുന്ന ഗോവിന്ദപ്പിഷാരടി ചെറുകാടായത് അനുഭവങ്ങളുടെ തീച്ചൂളയിൽ ഉരുകിയാണ്. ആ വ്യക്തിത്വം രൂപപ്പെടുന്നതിൽ അനേകം വ്യക്തികളും സംഭവങ്ങളും പലതരത്തിൽ പങ്കുവഹിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ പ്രധാനപ്പെട്ട ഒരു സ്ഥാനം വിക്ടർ യൂഗോയുടെ 'പാവങ്ങൾ' എന്ന നോവലിനുണ്ട്. അന്നത്തെ തലമുറയുടെ കുട്ടിക്കാലത്തെ ഹരമായിരുന്നു ഡിയിലെ മെത്രാനും ഴാങ്‌വാൽഴാങ്ങും. ഉള്ളടക്കത്തേക്കാൾ സ്വാധീനിക്കുക ഗ്രന്ഥകാരന്റെ സമർപ്പണമാണ്.

> 'നിയമത്തിന്റേയും ആചാരത്തിന്റെയും ബലത്തിൻമേൽ-ഭൂമിയിലെ പരിഷ്കാരത്തിന്റെ നടുക്ക്-നരകങ്ങളെ ഉണ്ടാക്കിത്തീർത്തുകൊണ്ടും മനുഷ്യകർമ്മത്തെ വിധിയോട് കൂട്ടിച്ചേർത്തുകൊണ്ടും സമുദായത്താൽ കൽപിക്കപ്പെടുന്ന തീവ്രശിക്ഷകൾ എത്രകാലം നിലനിൽക്കുന്നുവോ: പുരുഷാന്തരത്തിലെ മൂന്ന് വൈഷമ്യങ്ങൾ- പുരുഷനു വമ്പിച്ച ദാരിദ്ര്യത്താലുള്ള അധഃപതനം. സ്ത്രീക്ക് വിശപ്പ് കാരണമുണ്ടാകുന്ന മാനഹാനി, കുട്ടികൾക്ക് അറിവില്ലായ്മയാൽ വരുന്ന വളർച്ചക്കേട് ഇവ എത്രകാലം തീരാതെ കിടക്കുന്നുവോ, അത്രകാലം പാവങ്ങൾപോലെയുള്ള പുസ്തകങ്ങൾ ഒരിക്കലും പ്രയോജനപ്പെടാതെ വരാൻ നിവൃത്തിയില്ല.'
>
> യൂഗോവിന്റെ ഈ അഭിപ്രായം ഉള്ളിൽവെച്ചുകൊണ്ടാണ് ഞാൻ പാവങ്ങൾ വായിച്ചത്.
>
> ഒരജ്ഞാതതേജസ്സിനെ കണ്ടെത്തിയ 'ഡി'യിലെ മെത്രാൻ എന്റെ കരളിലെ വികാരങ്ങളുടെ നടുവിൽ കയറിയിരുന്നു.
>
> 'ഞാൻ എല്ലാവരെക്കുറിച്ചും കരയുന്നു.' എന്നു പറഞ്ഞ ഡിയിലെ മെത്രാനോട് 'ഒരേ മാതിരി!' എന്നു ചോദിച്ച ആ അജ്ഞാതതേജസ്. എന്നല്ല 'തുലാസ്' എങ്ങോട്ടെങ്കിലും അൽപമൊന്ന് ചെരിയണമെങ്കിൽ പൊതുജനങ്ങളുടെ ഭാഗത്തേക്കാവട്ടെ. അവർ അധികകാലമായി ദുഃഖം അനുഭവിക്കുന്നു എന്നുപദേശിച്ചത് ഒരു മിന്നൽ പോലെ, ഇടിവെട്ടുപോലെ, ചൂടുപോലെ, എന്റെ തലച്ചോറിൽ പരന്നുകിടക്കുന്നു. (ജീവിതപ്പാത)

'വളരണം, വിശ്വത്തോളം വളരണം, മരിക്കുന്നത് വരെ വളരണം' എന്ന ദൃഢനിശ്ചയം മനസ്സിലുറപ്പിച്ചത് ഈ കാലത്താണ്. നിഷ്പക്ഷതയെന്നത് കാപട്യമാണ്, കഷ്ടപ്പെടുന്നവനോടുള്ള പക്ഷപാതമാണ് ധർമ്മം എന്ന ചിന്ത മനസ്സിൽ ഉറച്ചതും പാവങ്ങൾ വായിച്ചിട്ടാണ്.

അന്ധവിശ്വാസങ്ങളുടെ വലിയ കാടാണ് തനിക്കുചുറ്റുമെന്ന് തിരിച്ചറിയാൻ ഈ ചിന്ത സഹായിച്ചു. അങ്ങനെയാണ് കുലവൻ എന്ന ചെറുമനെ ക്ഷേത്രത്തിൽ കയറ്റാനുള്ള ശ്രമത്തിൽ പങ്കുചേരുന്നത്. അമ്പലത്തിൽ കയറുവാൻ അവകാശം ലഭിക്കുകവഴി സമൂഹത്തിൽ അംഗീകാരം

ലഭിക്കുന്നത് ചെറുമന്മാർക്കാണ്. പക്ഷേ, അവസരം കൊടുത്താലും അവർക്കത് വേണ്ട. ഭയം മൂലം കീഴാളരുടെ മനസ്സ് മരവിച്ചിരിക്കുന്നു. ക്ഷേത്രത്തിൽ കയറിയാൽ പൂതത്താൻ തങ്ങളുടെ കുറ്റിയറുക്കുമെന്നു ആ പാവങ്ങൾ ഭയപ്പെടുന്നു. കീഴാള വിഭാഗം തങ്ങളുടെ ആത്മാവിനെ അറിയാതെ പണയപ്പെടുത്തിയിരിക്കുന്നു. ഈ ആത്മദാസ്യമാണ് അവരിലേറ്റ ശാപം.

ചരിത്രത്തിന്റെ ആരംഭം മുതൽ മനുഷ്യന് മുകളിൽ രണ്ടു ശക്തിയുണ്ടായിരുന്നു-രാജാവും ദൈവവും. കയ്യൂക്കുള്ളവന് കാര്യക്കാരനാകാൻ വേണ്ടിയാണ് ദൈവത്തെ സൃഷ്ടിച്ചത്. തനിക്കുവേണ്ടി സംസാരിക്കാൻ ദൈവം നിയോഗിച്ചത് പുരോഹിതരെയാണ്. അടിച്ചമർത്തപ്പെടുന്നവന്റെ സ്വപ്നങ്ങൾക്ക് ചിറക് നല്കുവാൻ പുരോഹിതന്മാർ ജന്മാന്തരങ്ങളേയും സ്വർഗ്ഗത്തേയും പറ്റി നിറം പിടിപ്പിച്ച നുണകൾ പറഞ്ഞുപരത്തി. ചൂഷിതന്റെ രോഷം ചൂഷകനിൽ നിന്ന് തിരിച്ചുവിടുവാനുള്ള സമർത്ഥമായ തന്ത്രമായിരുന്നു ഇത്. ജന്മാന്തരത്തിന്റെ വർണ്ണശബളിമയെ മനസ്സിലേറ്റി ഈ ജന്മത്തിലെ അടിമനുകം അവർ പേറി. അടിയാളരുടെ ചിന്തയുടെ ഊർജത്തെ നിർവീര്യമാക്കാനാണ് യക്ഷിയുടേയും പൂതത്തിന്റെയും കെട്ടുകഥകൾ മെനഞ്ഞത്. അതുകൊണ്ടാണ് ക്ഷേത്രത്തിൽ കയറിയാൽ പൂതം തങ്ങളുടെ ചോര കുടിക്കുമെന്നും കുലം കുറ്റിയറ്റുപോകുമെന്നും കുലവൻ ഭയപ്പെടുന്നത്. ആത്മാവ് പണയപ്പെട്ട സമൂഹത്തെ മോചിപ്പിക്കണമെങ്കിൽ ഭരണകൂടവും പൗരോഹിത്യവും ചേർന്നൊരുക്കിയ കെണിയിൽ നിന്ന് അവരെ രക്ഷിക്കണമെന്ന് ചെറുകാടിന് ബോദ്ധ്യമായി. പിൽക്കാലത്തെ സാഹിത്യരചനകളും രാഷ്ട്രീയ പ്രവർത്തനവും ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള മാർഗ്ഗങ്ങളായിരുന്നു. കൺമുൻപിലുള്ള ജന്മിയോട് എതിരിടുന്നതിലും ശ്രദ്ധവേണ്ടിയിരുന്നു കാണാത്ത പൂതത്തെ നേരിടാൻ. മാനസികമായ അടിമത്തത്തിൽ നിന്ന് മുക്തിനേടിയാലേ വർഗ്ഗപരമായ പോരാട്ടത്തിന് കരുത്ത് ലഭിക്കൂ എന്നർത്ഥം. ചെറുകാടിന്റെ ജീവിതവും കൃതികളും വിശാലമായ ഈ ലക്ഷ്യം കൈവരിക്കാനുള്ള ശ്രമങ്ങളായി തിരിച്ചറിയേണ്ടിയിരിക്കുന്നു.

## III

ഇന്ത്യൻ നവോത്ഥാനം സമൂഹത്തിലെ ഉപരിഘടനയിലുള്ളവരുടെ സൃഷ്ടിയായിരുന്നു. പാശ്ചാത്യവിദ്യാഭ്യാസവും നവീനാദർശങ്ങളുമായി പരിചയപ്പെട്ടവരായിരുന്നു അതിന്റെ മുൻനിരയിൽ അണിചേർന്നത്. സമൂഹത്തിന്റെ കീഴടരുകളിലേക്ക് ഇറങ്ങാൻ സാധിച്ചില്ലെന്നതാണ് ഇതിന്റെ മുഖ്യദൗർബല്യം. ഇതിൽ നിന്ന് തികച്ചും വിഭിന്നമായിരുന്നു കേരളത്തിലെ സ്ഥിതി. കീഴാളരിലാണ് ഇവിടെ ഉണർവിന്റെ ലക്ഷണം ആദ്യം ഉടലെടുത്തത്. ശ്രീനാരായണഗുരുവും അയ്യങ്കാളിയും പണ്ഡിറ്റ് കറുപ്പനുമൊക്കെ അനുഭവത്തിന്റെ പാഠങ്ങൾ പഠിച്ച് ഉത്പതിഷ്ണുക്കളായവരാണ്. കീഴാളരുടെ കുതിപ്പ് സമൂഹഘടനയെ കീഴ്മേൽ മറിച്ചു. അങ്ങനെ ആകെ ഇളകിമറഞ്ഞ അവസ്ഥയിൽ നിന്നാണ് കേരളത്തിൽ പുതിയൊരു സമൂഹം രൂപം കൊണ്ടത്. സാമൂഹ്യപരിഷ്കരണ ശ്രമങ്ങളിലാരംഭിച്ച് ദേശീയ ബോധത്തിലൂടെ കീഴാള രാഷ്ട്രീയത്തിലേക്കായിരുന്നു കേരളത്തിന്റെ പ്രയാണം. നവോത്ഥാനശക്തികൾക്ക് രാഷ്ട്രീയ നേതൃത്വവും ഭരണത്തിൽ മേൽക്കൈയും കിട്ടിയ ഏക സംസ്ഥാനം കേരളമാണ്. ഇതെങ്ങനെ കൈവരിച്ചു എന്നതിന്റെ പ്രത്യക്ഷസാക്ഷ്യങ്ങളാണ് ചെറുകാടിന്റെ രചനകൾ.

കൂട്ടുകുടുംബത്തിൽ അമ്മാമനൊഴികെ ആർക്കും സ്വന്തമായ 'ഇടം' ഇല്ലായിരുന്നു. കാരണം സാമ്പത്തികം തന്നെ. അമ്മാമന്റെ അരയിൽ തൂക്കിയ താക്കോൽക്കൂട്ടത്തെ ആശ്രയിച്ചാണ് സമൂഹത്തിന്റെ സാമ്പത്തിക വ്യവസ്ഥ ചലിച്ചത്. കാർഷികേതരമായ ചില വൃത്തികൾ ഉണ്ടായതോടെ ഈ നിലയ്ക്ക് മാറ്റം വന്നു. പട്ടാളത്തിൽ ചേർന്നും തോട്ടങ്ങളിൽ പണിയെടുത്തും മരുമക്കൾക്ക് പണം കൈയിൽ വന്നു. പള്ളിക്കൂടങ്ങളിൽ അദ്ധ്യാപകർക്ക് സർക്കാരിൽ നിന്ന് ശമ്പളം കിട്ടുന്ന അവസ്ഥ വലിയൊരു മാറ്റത്തിന് മുന്നോടിയായി മാറി. എട്ടോ പത്തോ രൂപയാണെങ്കിലും അമ്മാമന്റെ അനുവാദമില്ലാതെ സ്വന്തമായി കൈയിൽ കിട്ടും. തനിക്കൊരു 'ഇടം' കണ്ടെത്താൻ ഇത്തരത്തിലുള്ള വരുമാനം പലരേയും സഹായിച്ചു. തന്റെ ഇടം കണ്ടെത്താൻ കഴിഞ്ഞാൽ അത് നിലനിർത്താനാവശ്യമായ 'തന്റേടം' താനെ ഉണ്ടാകും. ഇങ്ങനെ പൊരുതിയാണ് എല്ലാവരും സമൂഹത്തിൽ ഇടം കണ്ടെത്തിയത്. ഇതിനുള്ള ധൈര്യം നല്കിയത് പഴയ സമൂഹഘടനയുടെ

തകർച്ചയാണ്. അതിൽ നിന്നുയർന്നതാണ് പുതിയ സമൂഹം. അതിനെ കെട്ടിപ്പടുക്കാൻ ഓരോരുത്തരും സഹിച്ച ത്യാഗങ്ങളാണ് ചെറുകാട്സാഹിത്യത്തിന്റെ ആകെത്തുക.

അനുഭവങ്ങളാണ് തുലാസ്സിന്റെ താണപക്ഷത്ത് നിൽക്കാൻ അവരെ പ്രേരിപ്പിച്ചത്. അലിമുസലിയാർ എന്ന മാനേജർക്ക് രാഷ്ട്രീയമൊന്നുമില്ലായിരുന്നു. തന്റെ താടി വലിച്ചെടുത്ത ചോരയിൽ നിന്നുയർന്നതാണ് മുസ്സലിയാരുടെ വിപ്ലവബോധം. ശനിദശയിലെ കുഞ്ഞിക്കുട്ടക്കുറുപ്പും കമ്മ്യുണിസ്റ്റല്ലായിരുന്നു. കക്കാട്ട് കുറുപ്പെന്ന ഫ്യൂഡൽ കവചം ഊരിയെറിഞ്ഞത് പോലീസിന്റെ അടിയാണ്. തങ്കമ്മയിലും വർഗ്ഗബോധമൊന്നുമുണ്ടായിരുന്നില്ല. കല്യാണത്തിന്റെ തലേദിവസം അറസ്റ്റ് ചെയ്യപ്പെട്ട വരന് പകരം മറ്റൊരാളെ വരിക്കാൻ അവൾ വിസമ്മതിച്ചു. കുറുപ്പിനെ മാത്രമേ മാലയിടൂ എന്നവൾ ശഠിച്ചു. നാരകത്തരവാട്ടിലെ മുത്തശ്ശിയെ കമ്മ്യുണിസ്റ്റാക്കുന്നതും അനുഭവങ്ങളാണ്. ഇങ്ങനെ മാറാൻ കഴിഞ്ഞതെങ്ങനെ? എന്ന ചോദ്യത്തിന് മുത്തശ്ശിയുടെ മറുപടിയിതാണ്– ‘ഉശിരൊക്കെ എനിക്ക് തന്നെത്തന്നെ അങ്ങട്ണ്ടായി’. പാർശ്വവത്ക്കരിക്കപ്പെട്ടവരിൽ പെട്ടെന്നുണ്ടായ ഈ ഉശിരാണ് കേരളീയ നവോത്ഥാനത്തിന്റെ കാതൽ. നാരകത്തറവാടിനും മുത്തശ്ശിക്കും മാത്രമല്ല, സമൂഹത്തിന് മുഴുവനും ഉശിരുണ്ടാക്കാനാണ് ചെറുകാട് പേനയെടുത്തത്.

## IV

അറുപതുകൾക്ക് ശേഷം സമൂഹത്തിന് ഈ ഉശിര് നഷ്ടമായിക്കൊണ്ടിരിക്കുകയാണോ? 57-ലെ മന്ത്രിസഭയുടെ പതനവും പ്രസ്ഥാനത്തിലുണ്ടായ പിളർപ്പും പലരേയും അമ്പരപ്പിച്ചിട്ടുണ്ട്. അതുണ്ടാക്കിയ വിടവിലൂടെ പ്രതിലോമശക്തികൾ നുഴഞ്ഞുകയറുകയും പലരിലുമുള്ള ഉശിര് ചോർത്തിയെടുക്കുകയും ചെയ്തിട്ടുണ്ട്. അരാഷ്ട്രീയതയ്ക്ക് വളക്കൂറുള്ള മണ്ണായി കേരളത്തെ മാറ്റാൻ കുറച്ചൊക്കെ ഇത് കാരണമായിട്ടുമുണ്ട്.

കപടമായ ഒരു കാല്പനികതയുടെ തിരിച്ചുവരവ് ഇക്കാലത്ത് കാണാം. കസവും മേനിയും തമ്മിൽ വേർതിരിക്കാനാവാത്ത ഇന്ദുലേഖയുടെ പൊന്നിൻ നിറവും നവനീതത്തിന് നാണമണയ്ക്കുന്ന തനുലതയുടെ മൃദുലതയും ഒരുകാലത്ത് നമ്മെ ഭ്രമിപ്പിച്ചിരുന്നു. എന്നാൽ ഇതിനപ്പുറം പരുക്കനെങ്കിലും യഥാർത്ഥമായ ഒരു സൗന്ദര്യബോധത്തെ രൂപപ്പെടുത്താൻ നവോത്ഥാനത്തിന് കഴിഞ്ഞു. സെന്റ് പൂശിയ സുഗന്ധത്തേക്കാൾ മണ്ണിന്റെ മാറിൽ കിടന്ന് വിയർപ്പിന്റെ മണം നാമാസ്വദിച്ചിരുന്നു. അഭ്രപാളികൾ ഫ്യൂഡൽ സൗന്ദര്യബോധത്തെ പ്രത്യാനയിക്കാൻ തുടങ്ങിയത് ഇക്കാലത്താണ്. അറുപതുകളുടെ അവസാനത്തിലാണ് ചെമ്മീൻ സിനിമയാകുന്നത്. മീനിന്റെ മണമുള്ള കറുത്തമ്മ നായിക. കറുത്തമ്മ-അർത്ഥഗർഭമായ പേര്! വെളുവെളുത്ത ഒരു നടി കറുത്തമ്മയുടെ വേഷമിടുമ്പോൾ പേരിനെപ്പറ്റി നാമോർത്തില്ല. പുറക്കാട്ട് കടപ്പുറത്തെ കറുത്തമ്മ ഇതാണോ എന്ന് നാം സംശയിച്ചില്ല. മണ്ണിന്റെ മാറിൽ നിന്ന് മാരിവില്ലിന്റെ മാസ്മരികതയിലേക്ക് കേരളീയ സമൂഹം പിഴുതെറിയപ്പെടുകയായിരുന്നു. തുടർന്ന് നാണിയമ്മയ്ക്ക് മൊടമ്പല്ലുണ്ടെന്ന് നാം കണ്ടെത്തി. ഉശിരല്ല ഉടലാണ് കാര്യമെന്ന സൗന്ദര്യശാസ്ത്രം നാം വീണ്ടുമുരുവിടാൻ തുടങ്ങി. നമ്മുടെ കാഴ്ചകൾ പലതും മറയ്ക്കപ്പെട്ടു. അടിയന്തിരാവസ്ഥയുടെ കാളരാത്രികളെപ്പറ്റി എന്തുകൊണ്ടൊരു ‘ശനിദശ’ ഉണ്ടായില്ല എന്ന അന്വേഷണം പ്രസക്തമാകുന്നതിവിടെയാണ്. രാജന്റെ മരണം പോലും ആഘോഷിക്കുകയാണ് നാം ചെയ്തത്. മലയാളമനസ്സിന്റെ വലതുപക്ഷവ്യതിയാനത്തെ ഓർമ്മിപ്പിക്കുന്നു, ഇത്. പക്ഷം പാടില്ലെന്ന് പറയുന്നവർ വ്യതിയാനം വലതുപക്ഷത്തേയ്ക്കാണെങ്കിൽ സ്വാതന്ത്ര്യബോധമെന്നതിനെ പുകഴ്ത്തും, മറിച്ചാണെങ്കിൽ ഹൃദയച്ചുരുക്കമെന്ന് ഇകഴ്ത്തും. ഈയൊരു കുടിലതന്ത്രമുപയോഗിച്ച് ഇക്കാലത്ത് എത്രയെത്ര കൊമ്പന്മാരെ മേലാളർ വാരിക്കുഴിയിൽ വീഴ്ത്തിയിരിക്കുന്നു!

ഇതാണ് ചെറുകാടിന്റെ സമകാലികമായ പ്രാധാന്യം. വാരിക്കുഴിയിൽ വീണില്ലെന്നു മാത്രമല്ല, തലയെടുപ്പോടെ നടന്നു; എതിർത്തെത്തിയവരെ ചവുട്ടിഞെരിച്ച്. പലർക്കുമത് പരുക്കനായി തോന്നി. പക്ഷേ, മാസ്റ്റർ പിന്തിരിഞ്ഞില്ല. ചരിത്ര വിവരണങ്ങളല്ല, സാഹിത്യകൃതികളാണ് സമൂഹത്തിന്റെ നേർക്കാഴ്ചകൾ നമുക്ക് നല്കുന്നത്. യവനജീവിതത്തെ പ്രത്യാനയിക്കുന്നത് ഹെറഡോട്ടസ്സല്ല, സോഫോക്ലിസ്സാണ്. ആധുനിക കേരളീയ സമൂഹം രൂപപ്പെട്ടതെങ്ങനെയെന്ന്

അടുത്ത നൂറ്റാണ്ടിൽ പഠിക്കാനാഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് പ്രധാനമായും ആശ്രയിക്കേണ്ടി വരിക രണ്ടു സാഹിത്യകൃതികളെയാകും-ഒന്ന്, തകഴിയുടെ കയർ; രണ്ട്, ചെറുകാടിന്റെ മുത്തശ്ശി- ആദ്യത്തേത് ദേശത്തിന്റെ കഥ, രണ്ടാമത്തേത് ഉണർവിന്റെ ഗാഥ.

## V

ചെറുകാടിന്റെ സംഭാവനകളെ സമഗ്രമായി വിലയിരുത്തുന്ന ഒരു സമാഹാരമാണിത്. ഇതിന്റെ ഉള്ളടക്കത്തേപ്പറ്റി വിശകലനത്തിന് തുനിയേണ്ടതില്ല. സ്വന്തം നാവുകൾ ഓരോന്നിനുമുണ്ട്. പ്രഗല്ഭന്മാരാണ് ഇതിലെ ലേഖനങ്ങൾ എഴുതിയിരിക്കുന്നത്. പഠനവും വിശകലനവും ആസ്വാദനവും എല്ലാം ഇക്കൂട്ടത്തിലുണ്ട്. ഈ ലേഖനങ്ങൾ സമാഹരിച്ച് പുസ്തകരൂപത്തിലാക്കാൻ മുൻകൈയെടുത്ത സാഹിത്യ അക്കാദമി നമ്മുടെയെല്ലാം കൃതജ്ഞത അർഹിക്കുന്നു; ഒപ്പം ഭംഗിയായി ഇത് സംവിധാനം ചെയ്ത എന്റെ സുഹൃത്ത് ശ്രീ. പാലക്കീഴ് നാരായണനും. ചെറുകാടിന്റെ കാലവും കൃതികളും പുതിയ തലമുറയ്ക്ക് ഊർജ്ജം പകരുമെന്ന പ്രത്യാശയിൽ അതിരറ്റ ആഹ്ലാദത്തോടെ ഈ പഠനം സമനസ്സുകൾക്കായി സമർപ്പിക്കുന്നു.


*വാചസ്പതി*
**ഡോ. കെ.ജി. പൗലോസ്**
*വൈസ് ചാൻസലർ*
**കേരള കലാമണ്ഡലം**
വള്ളത്തോൾ നഗർ, ചെറുതുരുത്തി പി.ഒ., തൃശ്ശൂർ ജില്ല, പിൻ: 679 531
ഫോൺ: 04884-263440 (ഓഫീസ്), 04884-264477 (വീട്), മൊ: 9846041205
E-mail: kgpaulose@gmail.com, Website: www.kalamandalam.org.